പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം : 4417

26.06.2014 -ൽ മറുപടി നൽകേണ്ടത്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പാലക്കാട് ജില്ല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ. ബാലൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്യാനായി പാലക്കാട് ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള ഭൂമി എവിടെയെല്ലാമാണ് ; സ്ഥലവും, അളവും വ്യക്തമാക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനായി പാലക്കാട് ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ എവിടെയെങ്കിലും ഇത്തരം ഭൂമിയിൽ കഴിയുന്നവരെ കുടിയിറക്കിയിട്ടുണ്ടോ; എവിടെയെല്ലാമാണ് കുടിയിറക്കിയിട്ടുള്ളത്; എത്ര കുടുംബങ്ങളെ കുടിയിറക്കിയിട്ടുണ്ട്; (സി) എവിടെയെല്ലാം കുടിയിറക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്; | (ബി)& (സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ വിതരണം ചെയ്യുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിന് ആരെയും കുടിയിറക്കിയിട്ടില്ല. |
| (ഡി) ഏറ്റെടുത്ത ഭൂമിയെല്ലാം വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് വിതരണം ചെയ്തത്; ഏറ്റെടുത്തതിൽ ഏതെല്ലാം ഭൂമിയാണ് വിതരണം ചെയ്യാനുള്ളത്; | (ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ ആദ്യഘട്ടത്തിൽ 1937 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. (എ) പിരിവിൽ അനുബന്ധമായി ചേർത്തിരുന്ന ഭൂമിയാണ് വിനിയോഗിച്ചിട്ടുള്ളത്.<br><br>ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ പാലക്കാട്, ചിറ്റൂർ താലൂക്കുകളിൽ പൂർത്തിയായി വരുന്നതേയുള്ളൂ. |

.....2